Draft #4 of File 143887/AC A5-1/2021/AC A 5 Approved by ASSISTANT REGISTRAR III (ACADEMIC) on 28-Oct-2021 02:43 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

12.10.2021- ന് കൂടിയ സി.എസ്.എസ് അക്കാദമിക് അഡ്വൈസറി കമ്മിറ്റി യോഗ ശിപാർശകൾ - അംഗീകരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**അക്കാദമിക് എ 5 സെക്ഷൻ**

നമ്പർ. 5705/AC A 5/2021/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 28.10.2021

---

*പരാമർശം:*-12/10/2021 - ന് കൂടിയ സി.എസ്.എസ് അക്കാദമിക് അഡ്വൈസറി കമ്മിറ്റി യോഗം മിനുട്സ്.

**ഉത്തരവ്**

മേൽ പരാമർശപ്രകാരം കൂടിയ സി.എസ്.എസ് അക്കാദമിക് അഡ്വൈസറി കമ്മിറ്റി യോഗം താഴെ പറയുന്ന ശിപാർശകൾ കൈക്കൊണ്ടിരുന്നു .

1. മഹാത്മാഗാന്ധി സർവകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെയും/ഇന്റർ സ്കൂൾ സെന്ററുകളിലെയും 2021 -22 അധ്യയന വർഷത്തിലേക്കുള്ള അഡ്മിഷൻ നടപടികൾ 2021 ഒക്ടോബർ 30 -നു അകം പൂർത്തീകരിച്ച് എത്രയും വേഗം ക്ലാസുകൾ ആരംഭിക്കുന്നതിനു സമിതി ശിപാർശ ചെയ്തു .

2. സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ രണ്ടാം വർഷ എം .എഡ് വിദ്യാർത്ഥിനിയായ ഹിമ നായർ സെമസ്റ്റർ ഗ്രേഡുകൾ പരിവർത്തനം ചെയ്ത് തരണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ അംഗീകരിച്ച , അപേക്ഷകയുടെ ഫസ്റ്റ് സെമസ്റ്റർ ഗ്രേഡ് കാർഡ് അതിനു ശേഷമുള്ള പുതിയ സ്കീമിനു അനുസരിച്ചിട്ടുള്ള സെമെസ്റ്റർ ഗ്രേഡ് കാർഡിന് സമാനമായി പരിവർത്തനം ചെയ്തു നൽകുന്നതിന് ശിപാർശ ചെയ്തു.

3 . സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് പഠന വകുപ്പിലെ M.A Programme - HR Scheme - (2019-2021 batch) ഇലക്റ്റീവ് പേപ്പർ ആയ SIR M IV E 1825 - Human Rights and International Organisations എന്ന പേപ്പർ കോർ പേപ്പർ SIR M IV C 1825 - Human Rights and International Organisations ആയി മാറ്റം വരുത്തണമെന്ന ഫാക്കൽറ്റി കൗൺസിൽ ശിപാർശ ചെയ്തിരുന്നു. പ്രസ്തുത ഇനം പിൻവലിക്കുന്നതിന് സമിതി ശിപാർശ ചെയ്തു .

4. മഹാത്മാഗാന്ധി സർവകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെ എം.ഫിൽ അടുത്ത ബാച്ചിലേക്കുള്ള അഡ്മിഷൻ നടപടികൾ ആരംഭിക്കാവുന്നതാണെന്നു ശിപാർശ ചെയ്തു .

5. Phd അഡ്മിഷനുമായി ബന്ധപ്പെട്ട് എം.ഫിൽ സർട്ടിഫിക്കറ്റ് ഡോക്ടറൽ കമ്മിറ്റിയുടെ മുൻപാകെ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

സമർപ്പിച്ചാൽ മതിയെന്ന നിർദ്ദേശം സമിതി സമർപ്പിച്ചു .

6. സ്കൂൾ ഓഫ് ബയോസയൻസസ് സമർപ്പിച്ച Board of Studies Education - - ന്റെ ശിപാർശകൾ , ബിരുദാനന്തര ബിരുദ കോഴ്സുകളുടെ സ്കീം ,സിലബസ് എന്നിവ revised CSS Regulations (with effect from 2020 Admission) - ന്റെ അനുസൃതമായി തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിച്ചതും OBE -യ്ക്ക് (( Outcome Based Education ) അനുസൃതമായി തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിച്ചതും പ്രസ്തുത യോഗത്തിൽ റിപ്പോർട്ട് ചെയ്തു . അതോടൊപ്പം മഹാത്മാ ഗാന്ധി സർവകലാശാലയുടെ കീഴിലുള്ള ചുവടെ ചേർത്തിരിക്കുന്ന പഠന വകുപ്പുകളിൽ നടത്തുന്ന വിവിധ ബിരുദാനന്തര ബിരുദ കോഴ്സുകളുടെ സ്കീം ,സിലബസ് എന്നിവ revised css Regulations (with effect from 2020 Admission )/ OBE -
( Outcome Based Education ) എന്നിവയ്ക്ക് അനുസൃതമായി തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിച്ചതും യോഗത്തിൽ റിപ്പോർട്ട് ചെയ്തു .

- School of Physical Education and Sports Sciences
- School of Gandhian Thought and Development Studies
- School of Social Sciences
- School of Tourism Studies
- School of Environmental Sciences
- School of Chemical Sciences
- School of Computer Sciences
- School of International Relations and politics
- School of Letters
- School of Pure and Applied Physics
- School of Behavioural Sciences
- School of Food Science and Technology

7. മഹാത്മാ ഗാന്ധി സർവകലാശാലക്ക് കീഴിലുള്ള പഠനവകുപ്പുകളിലെ വിവിധ ബിരുദാനന്തര ബിരുദ കോഴ്സുകളുടെ 2020 admission ബാച്ചിന്റെ സ്കീം ,സിലബസ് , റെഗുലേഷൻസ് എന്നിവ പുതുക്കിയ css Regulations 2020 ന്റെ അനുസൃതമായും , 2021 admission ബാച്ചിന്റെ സ്കീം ,സിലബസ്, റെഗുലേഷൻസ് എന്നിവ OBE - ക്ക് അനുസൃതമായും പരിഷ്കരിച്ച് 2021 ഒക്ടോബർ 30 - നകം സർവകലാശാലക്ക് സമർപ്പിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്തു .

സി.എസ്.എസ് അക്കാദമിക് അഡ്വൈസറി കമ്മിറ്റിയുടെ മേൽ ശിപാർശകൾ വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

റേച്ചൽ കെ ഐ

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ പഠന വകുപ്പ്/ സെന്റർ മേധാവികൾ

Draft #4 of File 143887/AC A5-1/2021/AC A 5 Approved by ASSISTANT REGISTRAR III (ACADEMIC) on 28-Oct-2021 02:43 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

2. പി.എസ് ടു വി.സി / പി.എസ് ടു പി.വി.സി

3. പി.എ ടു രജിസ്ട്രാർ / സി.ഇ

4 . എ.ആർ 3 (അക്കാദമിക്) / ഡി.ആർ 2 (അക്കാദമിക് )/ ജെ.ആർ 2 (ഭരണം)

5 . സി.എസ്.എസ് / ഇ.ബി. സെക്ഷൻസ് / എ.സി.എ 12 / എ.സി.സി 1 / 2 / എ.സി.എ.1/ എ.സി.ബി 7

6 .കണ്ടെന്റ് മാനേജ്മെന്റ് / ഐ.ക്യൂ.എ.സി / എ.സി.എൽ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #4 of File 143887/AC A5-1/2021/AC A 5 Approved by ASSISTANT REGISTRAR III (ACADEMIC) on 28-Oct-2021 02:43 PM - Page 3